“CORRUPTION, A CRIME AGAINST NATION”

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം** 695033
E-mail:vig.vacb@kerala.gov.in
**ഫോൺ നം.** 0471-2305393
**തീയതി.** 13.06.2023

## കൈക്കൂലി വാങ്ങുന്നതിന്നിടയിൽ സബ് രജിസ്ട്രാർ ഓഫീസ് ഉദ്യോഗസ്ഥർ വിജിലൻസ് പിടിയിലായി.

കൊല്ലം ജില്ലയിലെ കുണ്ടറ സബ് രജിസ്ട്രാറും ഓഫീസ് അറ്റൻഡന്റും 4000/- രൂപ കൈക്കൂലി വാങ്ങുന്നതിന്നിടയിൽ ഇന്ന് വിജിലൻസ് പിടിയിലായി.

കുണ്ടറ സ്വദേശിയും ആധാരം എഴുത്തുകാരനുമായ പരാതിക്കാരൻ മൂന്ന് പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിലേക്ക് ഇന്നലെ (12.06.2023) കുണ്ടറ സബ് രജിസ്ട്രാർ ഓഫീസർ റീനയെ സമീപിച്ചു. അതിൽ ഒരു പ്രമാണത്തിൽ തെറ്റ് കണ്ടെത്തിയ ശേഷം ഓഫീസ് അറ്റൻഡന്റ് സുരേഷ് കുമാറുമായി കൂടിയാലോചിച്ച ശേഷം ഇന്ന് (13.06.2023) വരാനും, വരുമ്പോൾ സുരേഷ് കുമാർ പറയുന്നത് പോലെ ചെയ്യാനും റീന പരാതിക്കാരനോട് ആവശ്യപ്പെട്ടു. തുടർന്ന് പരാതിക്കാരൻ സുരേഷ് കുമാറിനെ കണ്ടപ്പോൾ ഒരു ആധാരത്തിന് 1500/- രൂപ വീതം ആകെ 4500/- രൂപ കൈക്കൂലിയായികൂടി കൊണ്ടു വരണമെന്നും പരാതിക്കാരനോട് ആവശ്യപ്പെട്ടു.

പരാതിക്കാരൻ ഈ വിവരം വിജിലൻസ് തെക്കൻ മേഖല പോലീസ് സൂപ്രണ്ട് ശ്രീ ജയശങ്കർ ഐ പി എസ് നെ അറിയിക്കുകയും അദ്ദേഹത്തിൻറെ നിർദേശ പ്രകാരം കൊല്ലം വിജിലൻസ് യൂണിറ്റ് ഡി വൈ എസ് പി ശ്രീ അബ്ദുൽ വഹാബിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി ഇന്ന് (13.06.2023) വൈകിട്ട് 05.00 മണിയോടെ കുണ്ടറ സബ് രജിസ്ട്രാർ

ഓഫീസിലെ റെക്കോർഡ് റൂമിലേക്ക് പരാതിക്കാരനെ കൂട്ടിക്കൊണ്ടുപോയി അവിടെ വച്ച് പരാതിക്കാരനിൽ നിന്നും 4000/- രൂപ കൈക്കൂലി വാങ്ങുമ്പോൾ ഓഫീസ് അറ്റൻഡന്റ് സുരേഷ് കുമാറുമാറിനെയും തുടർന്ന് സബ് രജിസ്ട്രാർ റീനയെയും വിജിലൻസ് അറസ്റ്റ് ചെയ്യുകയാണുണ്ടായത്.

അറസ്റ്റ് ചെയ്ത പ്രതികളെ ബഹു.തിരുവനന്തപുരം വിജിലൻസ് കോടതി മുമ്പാകെ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി-യെ കൂടാതെ പോലീസ് ഇൻസ്പെക്ടന്മാരായ ശ്രീ.ജോഷി, ശ്രീ. അബ്ദുൾ റഹ്മാൻ, ശ്രീ.ജയകുമാർ, ശ്രീ.ജസ്റ്റിൻ ജോൺ, പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ. സുനിൽ കുമാർ, പോലീസ് ഉദ്യോഗസ്ഥരായ ശ്രീ.ഷിബു, ശ്രീ.അനിൽകുമാർ,ശ്രീ. ദേവപാൽ, ശ്രീ.ഷാജി, ശ്രീ.ഗോപൻ, ശ്രീ.ശരത് തുടങ്ങിയവരും ഉണ്ടായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.